(ബി) 18.1.2000-ന് മുമ്പ് സർവ്വീസ് നടത്തിയിരുന്ന പല സർവ്വീസുകളും പുനഃസ്ഥാപിക്കാമെന്ന് മന്ത്രിയും, എം.ഡി.യും സമ്മതിച്ചിരുന്നോ;

(സി) എന്നാൽ അന്നത്തെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുമ്പ് നടത്തിയിരുന്ന സർവ്വീസുകളൊന്നുംതന്നെ ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നെയ്യാറ്റിൻകര-പൊൻകുന്നം ഫാസ്റ്റ് പാസഞ്ചർ ബസ് മുമ്പ് നടത്തിയിരുന്ന ആറാട്ടുപുഴ, പുല്ലാട്-കുംപനാട് മല്ലപ്പള്ളി കവിയൂർ വഴി സർവ്വീസ് നടത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) മുമ്പ് ഓട്ടിച്ചിരുന്ന ആലപ്പുഴ-റാന്നി സർവ്വീസ് ആറൻമുള-കോഴഞ്ചേരി-ചെറുകോൽപ്പുഴ വഴി ഓടിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ചെങ്ങന്നൂർ ഡിപ്പോയിൽ നിന്നും ഓപ്പേറേറ്റ് ചെയ്യുന്ന കോട്ട-ഉള്ളന്നൂർ കുളനട വഴി പന്തളം ഓർഡിനറി സർവ്വീസ് കൃത്യമായി നടത്താൻ നടപടി സ്വീകരിക്കുമോ;

(ജി) ചെങ്ങന്നൂർ ഡിപ്പോയിലെ ബസ്സുകളുടെ അപര്യാപ്തത കണക്കിലെടുത്ത് അടിയന്തിരമായി രണ്ടു ബസ്സുകൾ കൂടി അനുവദിക്കുമോ?

ഉത്തരം

(എ) 18.1.2000-ന് ശേഷം പുതിയ സർവ്വീസുകളൊന്നും ആരംഭിച്ചിട്ടില്ല.

(ബി) ബസ്സുകളുടെ അപര്യാപ്തത പരിഹരിച്ചാൽ മാത്രമേ വരുമാനക്കുറവിന്റെ പേരിൽ ഓപ്പറേറ്റ് ചെയ്യാതിരുന്ന ഷെഡ്യൂളുകൾ ഓടിക്കാൻ കഴിയുകയുള്ളൂ.

(സി) ബസ്സുകളുടെ കുറവുകാരണം എല്ലാ സർവ്വീസുകളും ഓടിക്കാൻ കഴിയുന്നില്ല.

(ഡി) പ്രസ്തുത റൂട്ട് ലാഭകരമല്ലാത്തതിനാൽ നിർവ്വാഹമില്ല.

(ഇ) റൂട്ട് ലാഭകരമല്ലാത്തതിനാൽ നിർവ്വാഹമില്ല.

(എഫ്) ബസ്സുകളുടെ ലഭ്യതയനുസരിച്ച് കഴിയുന്നതും കൃത്യമായി ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ജി) ശബരിമല സ്പെഷ്യൽ സർവ്വീസ് ഓപ്പറേഷനുമുമ്പും അതിനുശേഷവും ഓരോ പുതിയ ബസ്സുകൾ ചെങ്ങന്നൂർ ഡിപ്പോയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ പുതുക്കിപ്പണിത ഒരു ബസ്സ്കൂടി നൽകുകയുണ്ടായി. പുതിയ ബസ്സിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ ബസ്സുകൾ അനുവദിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് മുടക്കിയതിന്റെ കാരണം

103(1927) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലത്തുനിന്നും പുത്തൂർ വഴി തെങ്ങമത്തേയ്ക്ക് സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് മുടക്കിയതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ബി) കൊട്ടാരക്കരനിന്നും ഏനാത്ത് പുത്തൂർ-കൊല്ലം സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് നിറുത്തിവച്ചതിനെതിരെ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്വകാര്യ ബസ്സ് ഉടമകൾക്ക് സഹായകരമായ നിലപാട് സ്വീകരിക്കുന്ന രണ്ടിടത്തേക്കും ഡി.ടി.ഒ. മാർക്കെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ;

(ഡി) കൊല്ലം-പുത്തൂർ റൂട്ടിൽ മുടങ്ങിക്കിടക്കുന്ന പ്രൈവറ്റ് ബസ്സ് സർവ്വീസ് പെർമിറ്റുകളിൽ പകരം ബസ്സ് അനുവദിക്കുന്നതിന് കൊല്ലം ആർ.ടി.ഒ.യ്ക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) വരുമാനം കുറവായതിനാലും ബസ്സുകളുടെ അപര്യാപ്തതമൂലവും നല്ല വരുമാനം ലഭിക്കുന്ന മറ്റ് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനു വേണ്ടി പ്രസ്തുത സർവ്വീസ് ചില ദിവസങ്ങളിൽ ഓടിക്കാൻ കഴിയാറില്ല.

(ബി) ബസ്സുകൾ അപര്യാപ്തമായതിനാലാണ് വരുമാനം കുറവായ പ്രസ്തുത സർവ്വീസ് ചില ദിവസങ്ങളിൽ ഓപ്പറേറ്റ് ചെയ്യാത്തത്.

(സി) സ്വകാര്യ ബസ്സ് ഉടമകൾക്ക് സഹായകരമായ നിലപാട് പ്രസ്തുത ഡി.ടി.ഒ.മാർ സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

വെഞ്ഞാറമൂട്-പനവൂർ വഴി ചേപ്പിലോട്ട് ബസ്സ് സർവ്വീസുകൾ

104(1928)ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും വെഞ്ഞാറമൂട് പനവൂർ വഴി ചേപ്പിലോട് എത്ര ബസ്സ് സർവ്വീസുകൾ ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്;

(ബി) ഈ റൂട്ടിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി കൂടുതൽ പുതിയ സർവ്വീസുകൾ തുടങ്ങാനും നിലവിലുള്ള ഷെഡ്യൂൾ കൃത്യമായി സർവ്വീസ് നടത്താനും നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) പ്രസ്തുത റൂട്ടിൽ ആറ്റിങ്ങൽ ഡിപ്പോയിൽനിന്ന് ഒരു സർവ്വീസ് നിലവിലുണ്ടായിരുന്നു. എന്നാൽ വരുമാനം കുറവായതുകാരണം പ്രസ്തുത സർവ്വീസ് വെഞ്ഞാറമൂട്, പനവൂർ വഴി നെടുമങ്ങാട്ടേയ്ക്ക് സർവ്വീസ് നടത്തി വരുന്നു.

(ബി) വരുമാനം കുറവായ റൂട്ടായതിനാലും ബസ്സുകൾ അപര്യാപ്തമായതിനാലും പുതിയ സർവ്വീസുകൾ ആരംഭിക്കാൻ നിർവ്വാഹമില്ല.

മാള കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ സൗകര്യം വർദ്ധിപ്പിക്കാൻ നടപടി

105(1929)ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ സൗകര്യം വർദ്ധിപ്പിക്കണമെന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly